പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3572 10.04.2013-ൽ മറുപടിക്ക്

തിരൂർ മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി. മമ്മൂട്ടി | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) നഗരകാര്യവകുപ്പ് 2013-14 വർഷത്തിൽ തിരൂർ നിയോജക മണ്ഡലത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന കേന്ദ്ര, സംസ്ഥാന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | എ) ജവഹർലാൽ നെഹ്റു ദേശീയ നഗരപുനരുദ്ധാരണ മിഷൻ (JnNURM), ചെറുകിട-ഇടത്തരം പട്ടണങ്ങളുടെ പശ്ചാത്തല സൗകര്യവികസന പദ്ധതി (UIDSSMT), കേരള സുസ്ഥിര നഗരവികസന പദ്ധതി (KSUDP), സ്വർണ്ണ ജയന്തി ഷഹാരി റോസ്ഗർ യോജന (SJSRY), സംയോജിത പാർപ്പിട ചേരി വികസന പരിപാടി (IHSDP), നഗരത്തിലെ പാവപ്പെട്ടവർക്ക് അടിസ്ഥാന സൗകര്യങ്ങൾ (BSUP), രാജീവ് ആവാസ് യോജന (RAY), നഗരപ്രദേശങ്ങളിലെ ചെലവു കുറഞ്ഞ സമഗ്ര ശുചിത്വ പരിപാടി (ILCS), അറവുശാലകളുടെ പരിഷ്കരണം, അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി, മാലിന്യസംസ്കരണം, മുനിസിപ്പാലിറ്റികളിലെ നഗരശുചീകരണ പ്രവർത്തനം, തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. തിരൂർ നഗരസഭയിൽ നടപ്പിലാക്കുന്ന ടി പദ്ധതികൾ തിരൂർ മണ്ഡലത്തിനും പ്രയോജനപ്പെടുന്നതാണ്. |
| ബി) നഗരകാര്യവകുപ്പ് തിരൂർ മണ്ഡലത്തിൽ 2011-12, 2012-13 വർഷങ്ങളിൽ നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ? | ബി) 2011-12, 2012-13 വർഷങ്ങളിൽ ജവഹർലാൽ നെഹ്റു ദേശീയ നഗരപുനരുദ്ധാരണ മിഷൻ (JnNURM), ചെറുകിട -ഇടത്തരം പട്ടണങ്ങളുടെ പശ്ചാത്തല സൗകര്യവികസന പദ്ധതി (UIDSSMT), കേരള സുസ്ഥിര നഗരവികസന പദ്ധതി (KSUDP), കപ്പാസിറ്റി ബിൽഡിംഗ് ഫോർ അർബൻ ലോക്കൽ ബോഡീസ് (CBULB) സ്വർണ്ണ ജയന്തി ഷഹാരി റോസ്ഗർ യോജന (SJSRY), സംയോജിത പാർപ്പിട ചേരി വികസന പരിപാടി (IHSDP), നഗരത്തിലെ പാവപ്പെട്ടവർക്ക് അടിസ്ഥാനസൗകര്യങ്ങൾ (BSUP), രാജീവ് ആവാസ് യോജന (RAY), നഗരപ്രദേശങ്ങളിലെ ചെലവു കുറഞ്ഞ സമഗ്ര ശുചിത്വ പരിപാടി (ILCS), ആധുനിക അറവുശാലകളുടെ പരിഷ്കരണം, അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി, തുടങ്ങിയ പദ്ധതികൾ. |

സെക്ഷൻ ഓഫീസർ